# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ - എൻയുഎൽഎം - എസ്ഇപി- വ്യക്തിഗത /ഗ്രൂപ്പ് സംരംഭങ്ങൾക്ക് പലിശ സബ്സിഡി തുക അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: 1. 13/12/2017-ലെ തിരുവനന്തപുരം സിറ്റി പ്രോജക്ട് ഓഫീസറുടെ UPA1/87706/16 നമ്പർ കത്ത്.
2. 15/03/2018-ലെ പന്തളം നഗരസഭാ സെക്രട്ടറിയുടെ 4275/18 നമ്പർ കത്ത്.
3. 16/03/2018-ലെ കോട്ടയം നഗരസഭാ സെക്രട്ടറിയുടെ G15/32488/15 നമ്പർ കത്ത്.
4. 20/02/2018-ലെ കൊച്ചി നഗരസഭാ സെക്രട്ടറിയുടെ COC/NULM/022673/15 നമ്പർ കത്ത്.

*ഉത്തരവ് നമ്പർ 9153/F/2015/KSHO(1) തീയതി 31..03..2018*

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് സംരംഭകത്വ വികസന പരിശീലനവും, വൈദഗ്ദ്ധ്യ പരിശീലനവും നൽകി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് പ്രാപ്തമാക്കുകയെന്നത് എൻയുഎൽഎം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സംരംഭങ്ങളുടെ ബാങ്ക് വായ്പകളുടെ പലിശ, സബ്സിഡി ആയി ദേശീയനഗര ഉപജീവന മിഷൻ നൽകുന്നതാണ്. നഗരങ്ങളിലെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക.

സംരംഭകർക്ക് വായ്പ/പലിശ സബ്സിഡി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പ്രതിമാസം ബാങ്കുകൾ നഗരസഭകൾക്ക് കൈമാറുന്ന മുറയ്ക്ക് നഗരസഭകൾ ത്രൈമാസാടിസ്ഥാനത്തിൽ സബ്സിഡി തുക കണക്കാക്കി ബാങ്കുകൾക്ക് കൈമാറുന്നതാണ്. (ബാങ്കുകൾ വ്യക്തി/ഗ്രൂപ്പുകളുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയാണ് ചെയ്യേണ്ടത്). പലിശ കിഴിവ് ലഭിക്കേണ്ട സംരംഭകരെ നിർണയിക്കുന്നതും തെരഞ്ഞെടുക്കുന്നതും നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നഗരസഭകളുടെ ചുമതലയാണ്. പലിശ സബ്സിഡിയായി നൽകേണ്ട തുക നഗരസഭകളിൽ ലഭ്യമാക്കിയിട്ടുള്ള എൻ.യു.എൽ.എം. ഫണ്ടിൽ നിന്നും Self Employment Programme എന്ന ശീർഷകത്തിൽ Interest Subsidy for SHG-Bank Linkage Loans (3.3) എന്ന ഉപശീർഷകത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്. പലിശ സബ്സിഡി ത്രൈമാസാടിസ്ഥാനത്തിൽ നഗരസഭകൾ കണക്കാക്കി തുകയുടെ അംഗീകാരത്തിനായി സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന മിഷന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി മാത്രമേ തുക ബാങ്കുകൾക്ക് അനുവദിക്കാവൂ. ബാങ്കുകൾ തുക സംരംഭകർക്ക് കൈമാറുന്ന മുറയ്ക്ക് വിനിയോഗസർട്ടിഫിക്കറ്റ് സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതുമാണ്.

ഇപ്രകാരം പലിശ സബ്സിഡി അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി മേൽ പരാമർശം പ്രകാരം നഗരസഭകൾ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ താഴെപറയും പ്രകാരമുള്ള തുക അനുവദനീയമാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) മുതൽ (4) വരെയുള്ള നഗരസഭകൾക്ക് കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് തുക അനുവദിച്ച് ഉത്തരവാകുന്നു:-

| ക്രമ നം. | നഗരസഭ | തുക അനുവദിക്കുന്ന സംരംഭങ്ങളുടെ എണ്ണം | അനുവദിക്കുന്ന തുക (രൂപ) | അക്കൗണ്ട് നമ്പർ & ബാങ്ക് വിവരം | റിമാർക്ക് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 വ്യക്തിഗത സംരംഭങ്ങൾ | 14937 | M/s. NULM Account | |
| | പന്തളം | 1 ഗ്രൂപ്പ് സംരംഭം | 1845 | ICICI Bank , 210701000255 , Municpal Secretary Pandalam Municipality , Pandalam , ICIC0002107 | |
| 2 | കോട്ടയം | 3 സംരംഭങ്ങൾ | 4479 | City Project Officer & Municipal Secretary 4299000100923067 Punjab National Bank TB Road, Kottayam PUNB0429900 | |
| 3 | കൊച്ചി | 67 വ്യക്തിഗതം, 3 ഗ്രൂപ്പ് സംരംഭങ്ങൾ | 232075 | NULM KOCHI Corporation 522802010007117 Union Bank Of India Kadavanthara UBIN0552283 | |
| ആകെ | | | 253336 | | |

ടി ചെലവ് സ്വയംതൊഴിൽ പദ്ധതിയുടെ വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള 3.1/3.2 എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

തുക വിനിയോഗിച്ചതിനുശേഷം നഗരസഭാ സെക്രട്ടറിമാർ ധനവിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. സെക്രട്ടറി, തിരുവനന്തപുരം/കൊച്ചി/പന്തളം/കോട്ടയം നഗരസഭ
3. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, തിരുവനന്തപുരം/കൊച്ചി/പന്തളം/കോട്ടയം

പകർപ്പ്

1. സിറ്റി പ്രോജക്ട് ഓഫീസർ, തിരുവനന്തപുരം/കൊച്ചി/പന്തളം/കോട്ടയം
2. സിറ്റി മിഷൻ മാനേജർ, തിരുവനന്തപുരം/കൊച്ചി/പന്തളം/കോട്ടയം

ഉത്തരവിൻപ്രകാരം,

പ്രോഗ്രാം ഓഫീസർ (അർബൻ)